Draft #6 of File 32482/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 11-Mar-2020 12:59 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 32482/AD A1/1/AD A1/AD A 1 തീയതി: 11.03.2020

## <u>സർക്കുലർ</u>

വിഷയം:- സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ് 19) സ്ഥിരീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ പുറപ്പെടുവിച്ചിരിക്കുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ - സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- വൈസ് ചാൻസിലറുടെ 10.03.2020-ലെ കുറിപ്പ് നം. വി.സി.702/2/039/2020.

-------

സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ് 19) സ്ഥിരീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിൻറെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ അടിയന്തിരമായി കൈക്കൊള്ളുന്നതിന് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാലയിലേക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർ, പകരമായി, ഓൺലൈൻ സേവനങ്ങൾ പരമാവധി വിനിയോഗിക്കുന്നതിന് അറിയിപ്പ് നൽകേണ്ടതാണ്.
2. അപേക്ഷകൾ സ്വീകരിക്കുന്നതിന് പ്രത്യേകമായി പെട്ടികൾ സജ്ജീകരിക്കേണ്ടതാണ്. നേരിട്ട് അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല.
3. ഫീസ് ഒടുക്കിയ രസീതുകൾ ഇ-മെയിൽ ആയി സ്വീകരിക്കാവുന്നതും അവയുടെ പ്രിൻറ് എടുത്ത് തപാൽ സെക്ഷനുകൾ മുഖാന്തിരം ക്യാൻസൽ ചെയ്യാവുന്നതുമാണ്.
4. പൊതുജന സമ്പർക്കമുള്ള സെക്ഷനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ മാസ്ക് ഉപയോഗിക്കേണ്ടതാണ്. ഇവിടങ്ങളിൽ സാനിറ്റൈസറുകൾ ലഭ്യമാക്കുന്നതാണ്.
5. പരീക്ഷാ ഭവനിലെ ലിഫ്റ്റ് ഉപയോഗം അടിയന്തിര ഘട്ടങ്ങളിലേക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.
6. എയർ കണ്ടീഷൻ മുറികളിൽ അപേക്ഷകർ കയറിയിറങ്ങുന്നത് ഒഴിവാക്കേണ്ടതാണ്. ഇവർക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
7. ഇനിയൊരറിയിപ്പുണ്ടാകുന്നതു വരെ യോഗങ്ങളും ആൾക്കൂട്ടങ്ങൾ പങ്കെടുക്കുന്ന സമ്മേളനങ്ങളും ക്യാമ്പസിൽ നടത്താൻ പാടുള്ളതല്ല. പഠനവകുപ്പുകളിൽ സെമിനാർ / സിമ്പോസിയം / കോൺഫറൻസ് എന്നിവയും 31.03.2020 വരെ നടത്താൻ പാടുള്ളതല്ല.
8. ഗസ്റ്റ് ഹൗസിൽ താമസസൗകര്യം നൽകുന്നത് രോഗബാധയില്ലെന്ന് ഉറപ്പുവരുത്തിയും രോഗബാധയുള്ള പ്രദേശങ്ങളിൽ നിന്നും വരുന്നവരല്ലായെന്ന് ഉറപ്പുവരുത്തിയുമാവണം.
9. രോഗലക്ഷണങ്ങളുള്ളവരെക്കണ്ടാൽ അധികൃതരെ ഉടൻതന്നെ അറിയിക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

10. ശുചിമുറികൾ, പൊതുസ്ഥലങ്ങൾ, വാഷ് ബേസിനുകൾ എന്നിവിടങ്ങളിൽ പ്രത്യേക ശുചീകരണ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇതിനായി ഫലപ്രദമായ ഡിസിൻഫെക്റ്റന്റുകൾ ഉപയോഗിക്കേണ്ടതാണ്.
11. സർവ്വകലാശാലാ ഹോസ്റ്റലുകളിൽ പുറത്തുനിന്നുള്ളവരെ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല. ഇവിടങ്ങളിൽ കർശനമായ നിയന്ത്രണ സംവിധാനവും നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തുന്നതാണ്.
12. സർവ്വകലാശാലയിലെ വിദേശ വിദ്യാർത്ഥികളുടെ യാത്രയും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.
13. സർവ്വകലാശാലാ പഠനവകുപ്പുകൾ ഉൾപ്പെടെ എല്ലാ അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കും 31.03.2020 വരെ സർക്കാർ അവധി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പരീക്ഷകൾ മാറ്റമില്ലാതെ തുടരുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. പരീക്ഷാഹാളുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
14. പി.എച്ച്.ഡി. വൈവാ വോസി 31.03.2020 വരെ നടത്തേണ്ടതില്ല.

മേൽനിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട അധികാരികൾ / സെക്ഷനുകൾ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

**പ്രേംകുമാർ ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. ജോയിന്റ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/ സെക്യൂരിറ്റി ഓഫീസർ (തുടർനടപടികൾക്കായി)
6. എസ്റ്റേറ്റ് ഓഫീസർ / എഡി.ബി. 3 / എഡി.ബി. 7 (തുടർനടപടികൾക്കായി)
7. നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #6 of File 32482/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 11-Mar-2020 12:59 PM - Page 2